നഴ്സസ് അസോസിയേഷൻ ഗവൺമെന്റിന് സമർപ്പിച്ച നിവേദനം

1109 [2038] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സസ് അസോസിയേഷൻ ഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിൽ ഏതെല്ലാം ആവശ്യങ്ങളാണ് അനുവദിച്ചത്;

(സി) ജോലിസമയം എട്ടുമണിക്കൂറായി കുറയ്ക്കുവാൻ അടിയന്തിര നടപടികൾ എടുക്കാത്തതെന്തുകൊണ്ടാണ്;

(ഡി) യൂണിഫോറം അലവൻസും നിസ്ക് അലവൻസും അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുമോ?

ഉത്തരം

(എ) കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ ഗവൺമെന്റിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ താഴെ പറയുന്നവയാണ്:

1. ജോലി സമയം 14 മണിക്കൂറിൽ നിന്നും 8 മണിക്കൂറാക്കുക.

2. സർക്കാർ നേരിട്ട് നിയമിച്ച പ്രൊവിഷണൽ നഴ്സുമാരെ ഉടൻ സ്ഥിരപ്പെടുത്തുക.

3. പ്രൊമോഷൻ തസ്തികകൾ അനുവദിക്കാമെന്നുള്ള വാഗ്ദാനം പാലിക്കുക.

4. ഇ.എസ്.ഐ. വിഭജനം ഉപേക്ഷിക്കുക.

5. രോഗികൾക്കാവശ്യമായ മരുന്നുകളും ചികിൽസക്കാവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കുക.

6. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് നൽകിയ വാഗ്ദാനം പാലിക്കുക.

7. വിദേശജോലിക്ക് നീണ്ടകാലാവധി അനുവദിക്കുന്നതിലുള്ള നിയന്ത്രണം പിൻവലിക്കുക.

(ബി) 1. സർക്കാർ നേരിട്ട് നിയമിച്ച നഴ്സുമാരെ സ്ഥിരപ്പെടുത്തുന്നതിനെ സംബന്ധിച്ച് പി. എസ്. സി. യുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

2. കൂടുതൽ പ്രൊമോഷൻ സാദ്ധ്യതകൾക്കായി 31 ഒന്നാം ഗ്രേഡ് നഴ്സിംഗ് സൂപ്രണ്ടുമാരുടെ തസ്തികകൾ സൃഷ്ടിച്ചു.

3. നേഴ്സുകൾക്ക് വിദേശങ്ങളിൽ ജോലിക്കുള്ള ലീവ് അനുവദിക്കുന്നതിലുള്ള നിയന്ത്രണം പിൻവലിച്ചു.

(സി) നഴ്സുമാരുടെ ജോലിസമയം 8മണിക്കൂറാക്കുന്നതിന്റെ പ്രാരംഭഘട്ടമായി മൂന്ന് ഷിഫ്റ്റ് സമ്പ്രദായം തിരുവനന്തപുരം ജനറൽ ആശുപത്രി, പേരൂർക്കട സർക്കാർ ആശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നീ ആശുപത്രികളിൽ പരീക്ഷണാർത്ഥം നടപ്പാക്കി കഴിഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രി റഫറൽ ആശുപത്രിയാക്കുന്നതിന്റെ ഭാഗമായി ജില്ലാ ആശുപത്രി സൂപ്രണ്ടാക്കിയതിന്റെ ഫലമായി കോഴിക്കോട് ജില്ലാ ആശുപത്രിയിൽ 40 നഴ്സുമാരെ കൂടുതൽ നിയമിച്ചിട്ടുണ്ട്. ഈ കൂടുതൽ തസ്തികകളും ഉപയോഗിച്ചുകൊണ്ട് കോഴിക്കോട് ജില്ലാ ആശുപത്രിയിലും മൂന്നു ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. മറ്റു ആശുപത്രികളിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനെപ്പറ്റി മറ്റ് അയൽ സംസ്ഥാനങ്ങളിൽ നിലവിലുള്ള സമ്പ്രദായം മനസ്സിലാക്കി ശാസ്ത്രീയമായ ഒരു പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) യൂണിഫോറം അലവൻസും റിസ്ക് അലവൻസും അനുവദിക്കുന്നതിന് ഇപ്പോൾ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നഴ്സിംഗ് ഡയറക്ടറേറ്റ്

1100 [2039] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നഴ്സിംഗ് വിദ്യാഭ്യാസ രംഗം കാര്യക്ഷമമാക്കുന്നതിന് ഒരു പ്രത്യേക നഴ്സിംഗ് ഡയറക്ടറേറ്റ് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ നഴ്സിംഗ് വിദ്യാഭ്യാസരംഗം ആരോഗ്യ വകുപ്പ് ഡയറക്ടറുടേയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടേയും കീഴിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. നഴ്സിംഗ് വിദ്യാഭ്യാസത്തിനു മാത്രമായി ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ല.

ഉപ്പുതറ വണ്ടിപ്പെരിയാർ പി. എച്ച്. സെന്ററുകളുടെ കീഴിൽ പണിതുകൊണ്ടിരിക്കുന്ന ഹെൽത്ത് സെന്ററുകൾ

1111 [2040] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ടനുസരിച്ച് ഉപ്പുതറ, വണ്ടിപ്പെരിയാർ പി. എച്ച്. സെന്ററുകളുടെ കീഴിൽ പണിതുകൊണ്ടിരിക്കുന്ന ഹെൽത്ത് സെന്ററുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര സെന്ററുകളുടെ പണി പൂർത്തിയായി;

(സി) പണികൾ പൂർത്തിയാകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്ത്;

(ഡി) പണി തീർക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട് അനുസരിച്ച് ഉപ്പുതറ പി. എച്ച്. സെന്ററിന്റെ കീഴിൽ 16 ഹെൽത്ത് സെന്ററുകളും

LIBRARY ARCHIVES Kerala Legislative Assembly